LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓരോ വർഷവും വിൽപ്പന നടത്തിയ മദ്യം. ബിയർ/വൈൻ ഇടങ്ങിയവയുടെ ആകെ തുക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ബിവറേജസ് കോർപ്പറേഷന് ഓരോ വർഷവും ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു :

വർഷം	രൂപ (കോടിയിൽ)
2011-12	7861.74
2012-13	8818.18
2013-14	9350.27
2014-15	8258.20

(ജനുവരി 2015 വരെ)

(ഡി) എക്സൈസ് വകുപ്പിൽ വിവിധ ഇനങ്ങളിൽ ലഭിക്കുവാനുള്ള ആകെ കുടിശ്ശിക 235 കോടി രൂപയാണ്.

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന

87 (92) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഇതേവരെ വാങ്ങിയ മദ്യം, ബിയർ, വൈൻ എന്നിവയുടെ മൊത്തം അളവുകൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും ഇതിനായി ചെലവാക്കിയ മൊത്തം തുക എത്രയെന്നു ഇനം തിരിച്ച് വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഏതെല്ലാം ഇനത്തിൽ എത്ര തുകവീതം ഖജനാവിന് മുതൽക്കൂട്ടായിട്ടുണ്ട് എന്ന് വർഷവും ഇനവും തിരിച്ച് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഇതേവരെ വാങ്ങിയ മദ്യം, ബിയർ, വൈൻ എന്നിവയുടെ മൊത്തം അളവുകൾ വാർഷികാടിസ്ഥാനത്തിൽ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഇതേ കാലയളവിൽ ഓരോ വർഷവും ഇതിനായി ചെലവാക്കിയ മൊത്തം തുക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

ബിവറേജസ് കോർപ്പറേഷൻ വില്പന നടത്തുന്ന ബിയറുകളും വൈനുകളും

88 (93) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ 2014 ഡിസംബർ 19-ന് ശേഷം ഇന്നേവരെ വില്പന നടത്തുന്നതിന് ഏതെല്ലാം ബ്രാന്റുകളിലുള്ള ബിയറുകളും വൈനുകളും വാങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഓരോ ബ്രാൻഡിലും അതിൽ അടങ്ങിയിരിക്കുന്ന ആൽക്കഹോളിന്റെ ശതമാനം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുമോ ;വിശദമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ ആൽക്കഹോൾ കണ്ടന്റ് ഉണ്ടാവുന്ന ഏതെല്ലാം ബ്രാന്റുകളിൽപ്പെട്ട ബിയറും വൈനും കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ബിവറേജസ് കോർപ്പറേഷൻ 2014 ഡിസംബർ 19-ന് ശേഷം 31-1-2015 വരെ വിൽപ്പന നടത്തുന്നതിന് 28 ബ്രാന്റുകളിലുള്ള ബിയറും 27 ബ്രാന്റുകളിലുള്ള വൈനും വാങ്ങിയിട്ടുണ്ട്. ബ്രാന്റുകളുടെയും ആൽക്കഹോൾ കണ്ടന്റിന്റേയും വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(സി) ആൽക്കഹോൾ കണ്ടന്റിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്രാന്റുകളുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly